# പടവുകൾ

കെ.എൽ.ഡി.ബി. വാർത്താപത്രിക

കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം) AN ISO 9001 : 2015 CERTIFIED COMPANY

ഗോകുലം, പട്ടം പി.ഒ., തിരുവനന്തപുരം-695 004 | ഫോൺ: 0471-2440920, ഫാക്സ്: 0471-2440673 | www.livestock.kerala.gov.in

വാല്യം-5, ലക്കം-1
ഫെബ്രുവരി 2021




# കേരളത്തിന്റെ ക്ഷീരമേഖല സ്വയം പര്യാപ്തതയിൽ



സംസ്ഥാനം പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത നേടിയതായി ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ.രാജു പ്രഖ്യാപിച്ചു. കേരളത്തിലാകമാനം തദ്ദേശീയവും സ്ഥിരതയാർന്നതുമായ പാലുൽപ്പാദന വർദ്ധനയും, മെച്ചപ്പെട്ട വിലയുമാണ് കേരളത്തിന്റെ ക്ഷീരമേഖലയെ സ്വയം പര്യാപ്തതയിലേയ്ക്ക് എത്തിച്ചത്. പശുക്കളുടെ പാലുൽപ്പാദന ക്ഷമതയിലും ഗണ്യമായ വർദ്ധനവുണ്ടായി. ഈ സാമ്പത്തിക വർഷത്തിലെ ജനുവരി വരെയുള്ള കണക്കനുസരിച്ച് 13.30 ലക്ഷം ലിറ്റർ പാലാണ് പ്രതിദിനം മിൽമ വഴി സംഭരിക്കുന്നത്. സംഭരണത്തിൽ പ്രതിദിനം 97000 ലിറ്റർ വർദ്ധനവാണ് കൈവരിച്ചത്. കോവിഡ്കാല പ്രതിസന്ധിയെ അതിജീവിച്ചാണ് ഈ അപൂർവ്വ നേട്ടം കൈവരിക്കാനായതെന്നും മന്ത്രി വ്യക്തമാക്കി.

നിലവിലെ പാൽ വിപണനം പ്രതിദിനം ശരാശരി 12.25 ലക്ഷം ലിറ്ററിൽ എത്തി നിൽക്കുകയാണ്. 2019 - 20 സാമ്പത്തിക വർഷം കേരളത്തിൽ മിൽമ സംഭരിച്ചിരുന്നത് ശരാശരി പ്രതിദിനം 12.50 ലക്ഷം ലിറ്റർ പാലായിരുന്നു. പ്രതിദിന വിപണന ശരാശരി 13.77 ലക്ഷം ലിറ്ററുമായിരുന്നു. വിപണനത്തിനുവേണ്ട അധിക പാലിനായി അയൽ സംസ്ഥാനങ്ങളിലെ സഹകരണ ഫെഡറേഷനുകളെയാണ് ആശ്രയിച്ചിരുന്നത്. കേരളത്തിലെ ക്ഷീരകാർഷിക മേഖലയിൽ വിപ്ലവകരവും ഗുണപ്രദവുമായ നിരവധി മാറ്റങ്ങൾ കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞുവെന്നതും ശ്രദ്ധേയമാണ്.

## കെ.എൽ.ഡി.ബോർഡിന് പുതിയ ചെയർപേഴ്സൺ



കെ.എൽ.ഡി.ബോർഡിന്റെ പുതിയ ചെയർപേഴ്സണായി ശ്രീമതി. **ടിങ്കു ബിസ്വാൾ ഐ.എ.എസ്** ചുമതലയേറ്റു. സംസ്ഥാന മൃഗസംരക്ഷണ, ക്ഷീരവികസന, ഫിഷറീസ്, മൃഗശാല, സ്പോർട്സ്, യുവജനകാര്യ സെക്രട്ടറിയാണ്.

# മാട്ടുപ്പെട്ടിയിൽ അന്താരാഷ്ട്ര പരിശീലന പരിപാടി

ബോർഡിന്റെ മാട്ടുപ്പെട്ടി പരിശീലന കേന്ദ്രത്തിൽ ഭൂട്ടാൻ സർക്കാരിന്റെ മൃഗക്ഷേമ വകുപ്പിലെ 20 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. കേന്ദ്ര മൃഗസംരക്ഷണ മന്ത്രാലയത്തിന്റെ അക്രെഡിറ്റേഷനുള്ള ബോർഡിന്റെ മാട്ടുപ്പെട്ടി പരിശീലന കേന്ദ്രത്തിൽ, മൃഗപരിപാലനത്തിന്റെ നൂതന വിദ്യകളിൽ ഇവർക്ക് പ്രായോഗിക പരിശീലനം നൽകുകയുണ്ടായി.




## പുതിയ ജർമ്മൻ ഹോൾസ്റ്റീൻ ഫ്രീഷ്യൻ കാളകൾ മാട്ടുപ്പെട്ടിയിൽ

കേന്ദ്ര സർക്കാരിന്റെ രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ ഭാഗമായി, ജർമ്മനിയിൽ നിന്നും ഇറക്കുമതി ചെയ്ത ഉയർന്ന ജനിതകമേന്മയുള്ള, ജീനോമിക രീതികളിലൂടെ തെരെഞ്ഞെടുക്കപ്പെട്ട അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ കാളക്കുട്ടികൾ മാട്ടുപ്പെട്ടി ഫാമിലെത്തി. 7 മുതൽ 12 മാസം വരെ പ്രായമുള്ള ഇവയുടെ പാലുൽപ്പാദന ശേഷിയും, പാലിന്റെ ഘടനാമേന്മയും ഉന്നതമാണെന്ന് ജനിതക മാർഗ്ഗങ്ങളിലൂടെ കണ്ടെത്തിയിട്ടുള്ളതാണ്. കാളക്കുട്ടിയൊന്നിന് 9.00 ലക്ഷം രൂപയാണ് വില. നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡ് (NDDB) മുഖേനയാണ് ഇറക്കുമതി നടന്നത്. 2022 ൽ ഈ കാളകളുടെ ബീജം വിതരണം ചെയ്ത് തുടങ്ങുന്നതാണ്.







# “ഒഡീഷയിൽ നിന്നും പരിശീലനത്തിനായി ഉദ്യോഗസ്ഥർ എത്തി

ഒഡീഷ സർക്കാരിന്റെ മൃഗസംരക്ഷണ വകുപ്പിലെ പത്ത് വെറ്ററിനറി ഡോക്ടർമാർക്ക് കന്നുകാലികളുടെ “ശാസ്ത്രീയ സന്തതി പരിശോധന” പരിപാടിയെക്കുറിച്ചുള്ള പരിശീലനം ബോർഡിന്റെ മാട്ടുപ്പെട്ടി പരിശീലന കേന്ദ്രം, മൂവാറ്റുപുഴ കന്നുകാലി പ്രജനന ഏകോപന കേന്ദ്രം, മാവേലിക്കര പി.റ്റി. യൂണിറ്റ് എന്നിവിടങ്ങളിൽ പൂർത്തിയാക്കി.

# കോവിഡ്കാലത്ത് കർഷകർക്കൊരു കൈത്താങ്ങ്

കോവിഡ് മഹാമാരി പടർന്നിരുന്ന ആദ്യ നാളുകളിൽ മൃഗസംരക്ഷണ മേഖല ആദ്യമൊന്ന് അമ്പരന്നു നിന്നുവെങ്കിലും വളരെ പെട്ടെന്ന് പൂർവ്വസ്ഥിതിയിലായി എന്നതാണ് വസ്തുത. മേഖലയിലെ വിവിധ വകുപ്പുകളും സർക്കാർ ഏജൻസികളും സംസ്ഥാന ഭരണകൂടവും, ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു അവറുകളുടെ കൃത്യമായ ഏകോപനം വകുപ്പിനെയും കർഷകരെയും പ്രതിസന്ധിയിൽ നിന്നും അതിവേഗം കരകയറുവാൻ സഹായിച്ചു.

കെവിൻജോ ഫാർമസ്യൂട്ടിക്കൽസ് (പ്രോവെറ്റ് അനിമൽ ഹെൽത്ത്) എന്ന സ്ഥാപനം 2020 മെയ് - ജൂൺ മാസങ്ങളിലെ ലോക്ക്ഡൗൺ കാലത്ത് 31 ലക്ഷം രൂപയുടെ പ്രോബയോട്ടിക്സ്, കാലിത്തീറ്റ അനുബന്ധ പോഷകങ്ങൾ എന്നിവ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനായി നൽകുകയുണ്ടായി. ഈ സാധനങ്ങൾ സംസ്ഥാനത്തെ 1146 മൃഗാശുപത്രികളിൽ കെ.എൽ.ഡി.ബോർഡ് സൗജന്യമായി എത്തിച്ചുകൊടുക്കുകയും, മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി ഡോക്ടർമാർ ഇവ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.

രണ്ടാം ഘട്ടത്തിൽ ഒരു കോടി രൂപ മൂല്യമുള്ള കാലിത്തീറ്റ അനുബന്ധ പോഷകങ്ങൾ, ഇൻജക്ഷനുകൾ, ഗുളികകൾ, സിറപ്പുകൾ എന്നിവ 2020 ഒക്ടോബർ മാസത്തിൽ ഇപ്രകാരം വിതരണം ചെയ്യുകയുണ്ടായി.

കോവിഡ് മഹാമാരി തളർത്തിയ കേരളത്തിലെ കർഷകരെ സംരക്ഷിക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും കേരള സർക്കാരും, മൃഗസംരക്ഷണ - ക്ഷീരവികസന വകുപ്പുകളും, മൃഗസംരക്ഷണ മേഖലയിലെ ഇതര സ്ഥാപനങ്ങളും, എല്ലാസർക്കാർ സംവിധാനങ്ങളും പരമാവധി പരിശ്രമിക്കുന്ന സാഹചര്യത്തിൽ, ബഹു.മുഖ്യമന്ത്രിയുടെ അഭ്യർത്ഥന മാനിച്ച് കൊണ്ട് നിരവധി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും കർഷകരെ സഹായിക്കാനുള്ള സർക്കാർ ശ്രമങ്ങളെ പിന്തുണച്ചുകൊണ്ടു മുൻപോട്ടു വന്നിരുന്നു. പ്രോവെറ്റ് അനിമൽ ഹെൽത്ത് എന്ന കമ്പനിയുടെ ഈ മാതൃകാപരമായ പ്രവർത്തനത്തെ ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി സ്വാഗതം ചെയ്യുകയും അവരെ അഭിനന്ദിക്കുകയും ചെയ്യുകയുണ്ടായി. പ്രോവെറ്റ് അനിമൽ ഹെൽത്തിനും അതിന്റെ സാരഥി ശ്രീ.സി. കെ. സ്റ്റീഫനും ബോർഡിന്റെ അഭിനന്ദനങ്ങൾ.



മൂവാറ്റുപുഴ വെറ്ററിനറി പോളിക്ലിനിക്കിൽ മരുന്നുകളുടെ വിതരണം

# കുളത്തൂപ്പുഴ ഫാമിൽ ഇനി ശുദ്ധജല മത്സ്യവും

കെ.എൽ.ഡി.ബോർഡിന്റെ കുളത്തൂപ്പുഴ ഫാമിൽ മത്സ്യകൃഷി സംരംഭം 2019 -20 ൽ ആരംഭിച്ചിരുന്നു. ആദ്യപടിയായി ഫാമിനുള്ളിലെ 60 സെന്റ് വിസ്തൃതിയുള്ള പ്രകൃതിദത്തമായ കുളം കുളത്തൂപ്പുഴ ഗ്രാമപഞ്ചയത്തിന്റെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി, ബോർഡിന്റെ ഫണ്ട് ഉപയോഗിച്ച് വൃത്തിയാക്കി, വശങ്ങൾ വൃത്തിയാക്കി, കയർ നിർമ്മിത ഭൂവസ്ത്ര വലവിരിച്ച് മത്സ്യം വളർത്തുകയാണുണ്ടായത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ജലസംഭരണ പദ്ധതിയിൻ കീഴിൽ 75000 രൂപ സബ്സിഡിയും ഇതിന് ലഭിച്ചു. റോഹു, കട്ല, കരിമീൻ, ഗിഫ്റ്റ് തിലാപ്പിയ, കൊഞ്ച് എന്നീ ഇനങ്ങളാണ് ആദ്യഘട്ടത്തിൽ കുളത്തിൽ നിക്ഷേപിച്ചത്. മത്സ്യക്കുഞ്ഞുങ്ങൾക്കുള്ള തീറ്റ, സംരക്ഷിത വലകൾ എന്നിവ ബോർഡ് ലഭ്യമാക്കി. സാധാരണ മാർക്കറ്റ് വിലയിൽ കുളത്തൂപ്പുഴ നിവാസികൾക്ക് ശുദ്ധവും ജൈവകൃഷിയിലൂടെ ഉൽപ്പാദിപ്പിച്ചതുമായ മത്സ്യം ലഭ്യമാക്കുകാണ് പദ്ധതിയുടെ ഉദ്ദേശം. കൊല്ലം മത്സ്യകർഷക വികസന ഏജൻസിയുടെ, 2020- 21 ലെ ജനകീയ മത്സ്യകൃഷി പദ്ധതിയിൽ കെ.എൽ.ഡി. ബോർഡിന്റെ കുളത്തൂപ്പുഴ ഫാമിന്റെ 100 സെന്റ് കുളം ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന് വേണ്ടി 20 സെന്റ് വീതമുള്ള 2 ചെറിയ കുളങ്ങൾ കൂടി ഫാമിൽ തയ്യാറാക്കിക്കഴിഞ്ഞു.

മത്സ്യകൃഷിയുടെ ആദ്യവിളവെടുപ്പ് 2020 സെപ്റ്റംബർ 12-ാം തീയതി ബഹു. സംസ്ഥാന വനം വന്യജീവി മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കുകയുണ്ടായി.



കെ.എൽ.ഡി ബോർഡിന്റെ കുളത്തുപ്പുഴ ഫാമിലെ
മത്സ്യകൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം
**ബഹു. മന്ത്രി. അഡ്വ. കെ. രാജു നിർവ്വഹിച്ചപ്പോൾ.**



# റവന്യൂ മന്ത്രി മാട്ടുപ്പെട്ടി ഫാമിൽ

ബഹു. സംസ്ഥാന റവന്യൂ വകുപ്പ് മന്ത്രി ശ്രീ. ഇ.ചന്ദ്രശേഖരൻ, ബോർഡിന്റെ മാട്ടുപ്പെട്ടി ഫാം സന്ദർശിച്ചു. ഫാമിലെ വിവിധ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കിയ അദ്ദേഹം, ബോർഡിന്റെ പ്രവർത്തനങ്ങളിൽ സംതൃപ്തി അറിയിക്കുകയും ആശംസകൾ നേരുകയും ചെയ്തു.





# മന്ത്രി എം.എം.മണി മാട്ടുപ്പെട്ടി ഫാമിൽ

ബഹു. സംസ്ഥാന വിദ്യുച്ഛക്തി വകുപ്പ് മന്ത്രി ശ്രീ.എം.എം.മണി ബോർഡിന്റെ മാട്ടുപ്പെട്ടി ഫാം സന്ദർശിച്ചു. ഫാമിലെ വിവിധ പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കിയ അദ്ദേഹം ഫാമിന്റെ പ്രവർത്തനങ്ങളിൽ സന്തോഷം രേഖപ്പെടുത്തുകയും ബോർഡിന്റെ എല്ലാവിധ പ്രവർത്തനങ്ങളിലും സഹകരണവും ആശംസകളും നേർന്നു.



മാട്ടുപ്പെട്ടി ഫാമിന്റെ പ്രവർത്തനങ്ങളെകുറിച്ച് ബഹു. മന്ത്രിയ്ക്ക് മാനേജിംഗ് ഡയറക്ടർ **ഡോ. ജോസ് ജെയിംസ്** വിവരണം നൽകുന്നു.



ബഹു.വൈദ്യുതി വകുപ്പ് മന്ത്രി **ശ്രീ. എം.എം. മണി** ഫാമിലെ പ്രവർത്തനങ്ങൾ കണ്ട് വിലയിരുത്തുന്നു.

# സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ കെ.എൽ.ഡി. ബോർഡും

സംസ്ഥാനത്ത് കന്നുകാലികൾക്ക് നിലവിൽ 2976 കൃത്രിമ ബീജാധാന കേന്ദ്രങ്ങളാണുള്ളത്. എന്നാൽ ഇവയിൽ ആടുകൾക്ക് കൃത്രിമബീജാധാനത്തിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ളത് 785 കേന്ദ്രങ്ങളിൽ മാത്രമാണ്. ഈ സൗകര്യങ്ങൾ 500 കേന്ദ്രങ്ങളിൽകൂടി നടപ്പാക്കുന്നതിനും, ബന്ധപ്പെട്ട കേന്ദ്രങ്ങളിലെ ഡോക്ടർമാർക്കും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർക്കും ഇതിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും വിപുലമായ പദ്ധതി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് പ്രാവർത്തികമാക്കി.

2019 സെൻസസ് കഴിഞ്ഞപ്പോൾ സംസ്ഥാനത്ത് 1,13,000 ആടുകളുടെ വർദ്ധനവ് ഉണ്ടായതായി കാണുന്നു. അതായത് 9 ശതമാനം വർദ്ധനവ്. ആടുകളിൽ നിന്നുള്ള മാംസോൽപ്പാദനം നിലവിലെ 22180 മെട്രിക് ടണ്ണിൽ നിന്നും ഇനിയും ഉയർത്തേണ്ടതുണ്ട്. മികച്ച ജനിതകശേഷിയുള്ള മുട്ടനാടുകളുടെ ഗാഢശീതീകരിച്ച ബീജം കൂടുതൽ ബീജാധാന കേന്ദ്രങ്ങളിൽ കൂടി ലഭ്യമാക്കുന്നതിലൂടെ കൂടുതൽ ആടുകളെ സംസ്ഥാനത്ത് തന്നെ ഉൽപ്പാദിപ്പിക്കുവാനും, ഭക്ഷ്യസുരക്ഷാ നിലവാരം ഉയർത്തുവാൻ പാകത്തിൽ സംസ്ഥാനത്തെ മാംസോൽപ്പാദനം വർദ്ധിക്കാനുമാണ് ലക്ഷ്യം. ഇതിനായി 500 കേന്ദ്രങ്ങളിലെ ടെക്നീഷ്യൻമാരുടെ പരിശീലനം കെ.എൽ.ഡി.ബോർഡ് പൂർത്തിയാക്കി കഴിഞ്ഞു. കൂടാതെ സിരോഹി, ബീറ്റൽ, അട്ടപ്പാടി കരിയാട് എന്നീ ആട് ജനുസ്സുകളുടെ ബീജവും ബീജാധാനത്തിനായി ലഭ്യമാക്കി തുടങ്ങി.

പദ്ധതിയുടെ ഉദ്ഘാടനം 2020 ഒക്ടോബർ 1-ാം തീയതി ബഹു. കേരള മുഖ്യമന്ത്രി **ശ്രീ. പിണറായി വിജയൻ** വീഡിയോ കോൺഫറൻസിലൂടെ നിർവ്വഹിച്ചു. ബീജാധാന കേന്ദ്രങ്ങൾക്കു ള്ള Goat AI kit ന്റെ വിതരണോൽഘാടനം ബഹു. സംസ്ഥാന വനം, വന്യജീവി, മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി **അഡ്വ. കെ. രാജു,** മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, ഡോ. കെ.എം. ദിലീപിന് നൽകി നിർവ്വഹിച്ചു. ചടങ്ങിൽ വട്ടിയൂർക്കാവ് എം.എൽ.എ ശ്രീ.വി.കെ. പ്രശാന്ത്, മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് സെക്രട്ടറി ശ്രീമതി. ടിങ്കു ബിസ്വാൾ ഐ.എ.എസ്, ക്ഷീരവികസന വകുപ്പ് ഡയറക്ടർ ശ്രീമതി മിനി രവീന്ദ്രദാസ്, പൗൾട്രി കോർപ്പറേഷൻ എം.ഡി. ഡോ. വിനോദ് ജോൺ, കെ.എൽ.ഡി.ബി. എം.ഡി. ഡോ. ജോസ് ജെയിംസ് എന്നിവർ സംബന്ധിച്ചു.

കൃത്രിമ ബീജാധാന സമയത്ത് ആടുകളെ കൃത്യമായി നിയന്ത്രിച്ചു നിർത്തുവാൻ സഹായിക്കുന്ന പ്രത്യേകതരം ക്രേറ്റ്, വജൈനൽ സ്പെക്കുലം, ഹെഡ് ലൈറ്റ് എന്നിവ പ്രസ്തുത കേന്ദ്രങ്ങളിൽ ഇതിന്റെ ഭാഗമായി ബോർഡ് എത്തിച്ചു നൽകും.



ആടുകളുടെ കൃത്രിമ ബീജാധാന കിറ്റ് വിതരണം ബഹു. മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കുന്നു.

# വടകര കുള്ളൻ പശുക്കളെ സംരക്ഷിക്കുവാൻ കെ.എൽ.ഡി.ബോർഡും

വടകര താലൂക്കിലെ വളയം, ചെക്യാട്, നരിപ്പറ്റ, വാണിമേൽ, വേളം തുടങ്ങിയ പഞ്ചായത്തുകളിലെ കർഷകരാണ് കൂടുതലായും വടകര കുള്ളൻ പശുക്കളെ സംരക്ഷിക്കുന്നത്. പരമാവധി 125 സെന്റീമീറ്റർ ഉയരമുള്ള ഇവ കറുപ്പ്, വെളുപ്പ്, തവിട്ട് നിറങ്ങളിലാണ് കാണപ്പെടുന്നത്. ചെറുതും, മുന്നോട്ട് ചാഞ്ഞ് നിൽക്കുന്നതുമായ മുതുകിലെ പൂഞ്ഞയും, വശങ്ങളിലേയ്ക്ക് വളർന്ന് അകത്തേയ്ക്ക് വളഞ്ഞ് നിൽക്കുന്ന ചെറിയ കൊമ്പുകളും ഇവയുടെ പ്രത്യേകതകളാണ്. കേരളത്തിലെ മറ്റ് നാടൻ പശുക്കളുമായി താരതമ്യപ്പെടുത്തിയാൽ ഇവയ്ക്ക് പാലുൽപ്പാദനം കൂടുതലാണ്. ദിവസേന 3 - 4 ലിറ്റർ വരെ നല്ല കൊഴുപ്പുള്ള പാൽ ലഭിക്കും. വംശനാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന ഈയിനം പശുക്കളെ സംരക്ഷിക്കുവൻ കോഴിക്കോട് ജില്ലയിലെ വളയം, കട്ടിപ്പാറ ഗ്രാമപഞ്ചായത്തുകളിൽ സുസ്ഥിര വടകര പശു സംരക്ഷണ പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു. ഇതോടൊപ്പം വടകര പശുക്കൾക്ക് കൃത്രിമ ബീജധാനം നടത്തുന്നതിന് വേണ്ടി വടകരയിനത്തിൽപ്പെട്ട വിത്തുകാളകളെ ബോർഡ് വാങ്ങി കഴിഞ്ഞു, കുളത്തൂപ്പുഴ ഫാമിൽ ഇവയെ സംരക്ഷിക്കുകയും ഗാഢശീതീകരിച്ച ബീജം വടകര മേഖലയിൽ മൃഗസംരക്ഷണ വകുപ്പ് കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുവാനുള്ള നടപടികൾ പൂർത്തിയായി.







ഭ്രൂണമാറ്റത്തിലുണ്ടായ ഗിർ കുട്ടികൾ കുളത്തൂപ്പുഴ ഫാമിൽ

# "കർഷകർക്ക് മാതൃകയായി പന്നി പ്രജനന കേന്ദ്രം"

ബോർഡിന്റെ കീഴിൽ കൂത്താട്ടുകുളത്ത് പ്രവർത്തിക്കുന്ന പന്നി പ്രജനന കേന്ദ്രം, പന്നി വളർത്തൽ മേഖലയിലെ കർഷകർക്ക് മാതൃകയാകുന്നു. 2007 ൽ മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുമായി ചേർന്ന് ഒരു സംയുക്ത സംരംഭമായിട്ടാണ് ഈ കേന്ദ്രം ആരംഭിച്ചത്. ഇന്ന് പ്രതിവർഷം 1500 ഓളം മികച്ചയിനം പന്നിക്കുഞ്ഞുങ്ങളെ ഈ കേന്ദ്രത്തിൽ നിന്നും കർഷകർക്ക് ന്യായമായ വിലയിൽ നൽകുന്നു. ലാർജ് വൈറ്റ് യോർക്ക്ഷെയർ, ലാൻഡ്രേസ്, ഡ്യൂറോക്ക്, ഇവയുടെ 3 വേ സങ്കരം, എന്നിവയാണ് ഈ കേന്ദ്രത്തിലുള്ള പന്നിയിനങ്ങൾ. ചിട്ടയാർന്ന ഒരു പ്രജനന നയം ഈ ഫാമിൽ അനുവർത്തിച്ച് വരുന്നുണ്ട്. അതിന്റെ ഫലമായി മികച്ച ശരീരഭാര വർദ്ധനവ്, പ്രത്യുൽപ്പാദനശേഷി എന്നിവയുള്ള പന്നിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നു. മാലിന്യ നിർമ്മാർജ്ജനം ഏറ്റവും മികച്ച രീതിയിൽ ഈ ഫാമിൽ സജ്ജമാക്കിയിട്ടുണ്ട്. സദാ പ്രവർത്തിക്കുന്ന എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, ചാണകം ഡീവാട്ടറിംഗ് യന്ത്രം എന്നിവ ഈ ഫാമിന്റെ പ്രത്യേകതകളാണ്. പന്നി വിസർജ്ജ്യത്തിൽ നിന്നും ജലാംശം പരമാവധി നീക്കി ഉണക്കിയെടുത്ത ജൈവവളം ഈ കേന്ദ്രത്തിൽ നിന്നും കർഷകർക്ക് വാങ്ങാവുന്നതാണ്. (ബന്ധപ്പെടേണ്ട നം. 9446004308 - ഡോ. രമ്യ രാജീവ്). ഫാമിൽ ഉൽപ്പാദിപ്പിച്ച പന്നിച്ചാണകമുപയോഗിച്ച് മികച്ച രീതിയിൽ ജൈവപച്ചക്കറി കൃഷിയും ഈ കേന്ദ്രത്തിൽ നടത്തി വരുന്നു.



## “പന്നി ചാണകത്തിൽ നിന്നും ജൈവ-വളം”

കൂത്താട്ടുകുളത്തെ
യന്ത്രവല്കൃത ജൈവ-വള
നിർമ്മാണ യൂണിറ്റ്





## “ജൈവ പച്ചക്കറി കൃഷി കൂത്താട്ടുകുളം ഫാമിൽ”









# ഓണാട്ടുകരയിൽ നാടൻ പശുഹബ്ബ്

നാടൻ പശുക്കളുടെ ഹബ്ബായി ഓണാട്ടുകര പ്രദേശത്തെ മാറ്റുന്നതിന് വിപുലമായ പദ്ധതി നടപ്പിലാക്കി. നാടൻ പശുക്കിടാവ് / കിടാരി എന്നിവ സൗജന്യമായി വിതരണം ചെയ്യുക, നാടൻ പശു വളർത്തുന്ന കർഷകർക്ക് ധനസഹായം നൽകുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ

പദ്ധതിയുടെ ഉത്ഘാടനം 2020 ഫെബ്രുവരി 29-ാം തീയതി ഓച്ചിറ പരബ്രഹ്മക്ഷേത്ര ഓഡിറ്റോറിയത്തിൽ ബഹു. സംസ്ഥാന വനം വന്യജീവി മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിച്ചു. കരുനാഗപ്പള്ളി എം. എൽ. എ ശ്രീ. ആർ രാമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ, തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ, ആസൂത്രണ ബോർഡ് ഉദ്യോഗസ്ഥർ, മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലെ ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. പരിപാടിയോടനുബന്ധിച്ച് വിവിധ ജനുസ്സുകളിൽപ്പെട്ട നിരവധി നാടൻ പശുക്കളെ അണിനിരത്തി നാടൻ പശു പ്രദർശനവും നടന്നു.



ഓണാട്ടുകര നാടൻ പശു ഹബ്ബിന്റെ ഉദ്ഘാടനം ബഹു. മന്ത്രി. **അഡ്വ. കെ.** രാജു നിർവ്വഹിക്കുന്നു.



ഓണാട്ടുകര നാടൻ പശു ഹബ്ബിന്റെ ഉദ്ഘാടനത്തൊടനുബന്ധിച്ച് നടന്ന നാടൻ പശു പ്രദർശനനം ബഹു. മന്ത്രി. **അഡ്വ. കെ. രാജു** നിരീക്ഷിക്കുന്നു.



ഓണാട്ടുകര നാടൻ പശു ഹബ്ബിന്റെ ഉദ്ഘാടന ചടങ്ങിൽ നാടൻ പശുക്കുട്ടികളുടെ വിതരണം ബഹു. മന്ത്രി. നിർവ്വഹിച്ചപ്പോൾ.

# പ്രവർത്തന മികവിന് അംഗീകാരം

കെ.എൽ.ഡി.ബോർഡിന്റെ കുളത്തൂപ്പുഴ ബുൾ സ്റ്റേഷന്റെ പരിശോധനകൾക്കും മൂല്യനിർണ്ണയത്തിനുമായി കേന്ദ്ര സർക്കാർ നിയോഗിച്ച സെൻട്രൽ മോണിറ്ററിംഗ് യൂണിറ്റിന്റെ (CMU) സന്ദർശന വേളയിൽ മികച്ച പ്രകടനം കാഴ്ചവച്ച ബോർഡിലെ ഡെപ്യൂട്ടി മാനേജർ (എ.എച്ച്) ഡോ. വി.എം. രാജേഷ്, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ശ്രീമതി. സിന്ധുമോൾ എന്നിവർക്ക് ബഹു.മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു. അഭിനന്ദന സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു.





# പന്നി പ്രജനന കേന്ദ്രം – നവീകരണ പ്രവർത്തനോൽഘാടനം

കൂത്താട്ടുകുളത്തുള്ള ബോർഡിന്റെ പന്നി പ്രജനന കേന്ദ്രത്തിന്റെ നവീകരണത്തിനായി ദേശീയ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി പ്രകാരം 81.50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഷെഡ്ഡുകളുടെ നവീകരണം, ജൈവസുരക്ഷ ക്രമീകരണങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, തണുപ്പിച്ച ബീജോൽപ്പാദന ലബോറട്ടറി, കർഷകർക്കുള്ള പരിശീലന ഹാൾ എന്നിവ ഈ പദ്ധതിയിൽപെടുന്നു. പദ്ധതിയുടെ പ്രവർത്തനോൽഘാടനം ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ.രാജു അവർകൾ 2020 ഒക്ടോബർ 30 ന് നിർവ്വഹിച്ചു. ചടങ്ങിൽ കൂത്താട്ടുകുളം നഗരസഭ മുൻചെയർമാൻ ശ്രീ. റോയ് എബ്രഹാം അദ്ധ്യക്ഷത വഹിച്ചു. എം.പി.ഐ ചെയർമാൻ അഡ്വ. ടി.ആർ. രമേഷ്കുമാർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ. കെ.എം. ദിലീപ്, എം.പി.ഐ. മാനേജിംഗ് ഡയറക്ടർ ഡോ. എ.എസ്. ബിജുലാൽ, മുൻ കൗൺസിലർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# മാംസോൽപ്പാദന വർദ്ധനവിന് പന്നി വളർത്തൽ മേഖല ഉണരണം

2007 - 2008 ന് ശേഷം രാജ്യത്തെ മാംസോൽപ്പാദനം വർദ്ധിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. 2017 - 18 ൽ 77 ലക്ഷം ടൺ മാംസം ഉൽപ്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 2018 - 19 ആയപ്പോഴേയ്ക്കും 81 ലക്ഷം ടണ്ണായി ഉയർന്നു - 5.2 % വളർച്ച. രാജ്യത്തെ ആകെ മാംസോൽപ്പാദനത്തിന്റെ 15% വും ഉത്തർപ്രദേശിലാണ്. കേരളം ഇക്കാര്യത്തിൽ എട്ടാം സ്ഥാനത്താണ്.

## കേരളത്തിലെ മാംസോൽപ്പാദനം (ലക്ഷം ടണ്ണിൽ)

| വർഷം | മാംസോൽപ്പാദനം |
|---|---|
| 2014-15 | 4.46 |
| 2015-16 | 4.66 |
| 2016-17 | 4.69 |
| 2017-18 | 4.69 |
| 2018-19 | 4.57 |
| 2019-20 | 4.55 |

2017 - 18 മുതൽ മാംസോൽപ്പാദനത്തിൽ നേരിയ കുറവുണ്ടായിട്ടുണ്ട്. 4.92 ലക്ഷം ടൺ മാംസം ആവശ്യമുള്ളപ്പോൾ ഉൽപ്പാദനം 4.55 ലക്ഷം ടൺ മാത്രമാണ്. സംസ്ഥാനത്തിനകത്ത് കശാപ്പുചെയ്യപ്പെടുന്ന കന്നുകാലികളിൽ 60% മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവയാണ്. കോവിഡ് - 19 ഇതര മേഖലകളെപ്പോലെ മാംസോൽപ്പാദന മേഖലയെയും കാര്യമായി ബാധിക്കുകയുണ്ടായി.

എന്നാൽ സംസ്ഥാനത്തിനകത്തെ പന്നികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനയുണ്ടായതായി കണക്കുകൾ സൂചിപ്പിക്കുന്നു

## പന്നികളുടെ എണ്ണം - കേരളത്തിൽ

| | 2007 | 2012 | 2019 | % മാറ്റം |
|---|---|---|---|---|
| സങ്കരവർഗ്ഗം | 50000 | 51000 | 101000 | + 98 |
| നാടൻ | 9000 | 5000 | 3000 | - 40 |
| ആകെ | 59000 | 56000 | 104000 | + 85.7 |

2012 ൽ കേവലം 56000 പന്നികളുണ്ടായിരുന്നത് 2019 ആയപ്പോഴേയ്ക്കും 1,04,000 ആയി ഉയർന്നു. ഇത് ഈ മേഖലയ്ക്ക് പുതിയ പ്രതീക്ഷകൾ നൽകുന്നു.



# KLDB- Relentless Pursuit of Excellence

**EXOTIC**

**HOLSTEIN FRIESIAN**



**JERSEY**



**CROSSBREDS**

**CROSSBRED JERSEY**



**CROSSBRED HF**



**SUNANDINI**

**SUNANDINI HF**



**SUNANDINI JY**



**BUFFALO**

**MURRAH BUFFALO**



**INDIGENOUS**

**RATHI**



**RED SINDHI**



**SAHIWAL**



**VECHUR**



**GIR**



**KANGAYAM**



**KASARGOD DWARF**



**GOAT BREEDS**

**SIROHI**



**MALABARI**



**BEETAL**



**BOER**



## WE DELIVER PERFORMANCE....

Design & Printed By: CHAKRA COMMUNICATIONS

Edited & Published by: The Managing Director, Kerala Livestock Development Board Ltd. Gokulam, Pattom P.O.
Thiruvananthapuram-695 004 | e-mail: kldboard8@gmail.com | Website: www.livestock.kerala.gov.in